● കവിത

# പാതിരിയുടെ ജലം

സച്ചിദാനന്ദൻ പുഴങ്കര*

കരയിൽ നിൽക്കുന്ന
പാതിരി♥ക്കെപ്പൊഴും
കടവിലെത്തിക്കുളിക്കണം; മോഹം
പടവിറങ്ങാൻ തുടങ്ങുന്ന നേരം
പുഴ പതുക്കെത്തടഞ്ഞു നിർത്തുന്നു.
"കുരിശുപോൽ മെലി-
ഞ്ഞൂറുമെൻ ചാലുകൾ-
ക്കരികെ മുട്ടു-
കുത്തുന്ന വിശ്വാസമേ
അരുത്, ദുസ്സർഗ്ഗ-
സന്ധിയിൽ പ്രാർത്ഥനാ-
നിബിഡമാം ഇല-
ച്ചാർത്തുകൾ ഭൂമിയെ-
ക്കരുതി നീട്ടുന്ന-
താണു നിൻജീവിതം
ഒലിവു വറ്റാത്ത
കുട്ടികൾ തീരത്ത്
തണലിലെത്തി-
ക്കളിക്കട്ടെ വേനലിൽ"
പടവു കേറുന്ന
പാതിരിക്കെപ്പൊഴും
കനവിൽ നീന്തി
ത്തുടിക്കുന്ന സ്വപ്നം.



ചിത്രീകരണം : വി.എസ്. ഗിരീശൻ

---

* പുഴ+കര

♥ ഒരു മരം

പുസ്തകപരിചയം/കൈപ്പറ്റി



**വ്രണിതഭൂമി**
പരിസ്ഥിതിയുടെ ഒരു ലഘു സാമ്പത്തികചരിത്രം
ജോൺ ബെല്ലാമി ഫോസ്റ്റർ
വിവർത്തനം : പി.കെ. ദേവൻ,
സംശോധനം : എം.പി. പരമേശ്വരൻ,
പേജ് 162, വില 85 രൂപ
കൗണ്ടർപോയിന്റ് പബ്ലിഷേഴ്സ്, തൃശൂർ-4

**നമ്മുടെ ഭക്ഷണം നമ്മുടെ നാട്ടിൽ**
ആഗോള അഗ്രിബിസിനസിന്
പ്രാദേശിക ബദലുകൾ
ഹെലെന നോർബെർഗ്-ഹോഡ്ജ്, റ്റോഡ് മെറി
ഫീൽഡ്, സ്റ്റീഫൻ ഗൊറേലിക്
വിവർത്തനം : എം.പി. പരമേശ്വരൻ, കെ.കെ.
കൃഷ്ണകുമാർ, ആശ, പേജ് 210, വില 100 രൂപ
കൗണ്ടർപോയിന്റ് പബ്ലിഷേഴ്സ്, തൃശൂർ-4



TRAINING PROGRAMS FOR
IELTS
TOEFL
SPOKEN ENGLISH
COMPUTER COURSES
C, C++, VB
Java, ·Net
Oracle 9i, C#
SENSORIUM
4th FLOOR, CITY CENTRE, TRICHUR.
0487-2320478, 3093095